

വയസ്സ്

ജനന തീയതി

പേര്

വിലാസം

അദ്ധ്യാപകന്റെ പേര് :

കുട്ടികൾക്കുള്ള ബൈബിൾ പാഠങ്ങൾ

# ബൈബിൾ ടൈം

## പാഠം 1: യേശു പത്രോസിനെ വിളിക്കുന്നു.

*യേശുവിനെ അനുഗമിക്കുന്നു.*



വായനഭാഗം

മത്തായി 4 : 18-22

A3

LEVEL - 1

5 മുതൽ 7 വയസ്സുവരെ

ചില സഹായികളെ യേശുവിന് ആവശ്യമായിരുന്നു. ഒരു ദിവസം രണ്ട് മീൻപിടുത്തക്കാരെ യേശു കണ്ടുമുട്ടി. ഒരാൾ പത്രോസും മറ്റെയാൾ അവന്റെ സഹോദരൻ അന്ത്രയോസും ആയിരുന്നു.

എന്തായിരുന്നു ആ രണ്ട് മീൻ പിടുത്തക്കാരുടേയും പേരുകൾ

പ ____________

അ ____________ .



*ചില മത്സ്യങ്ങളെ വരച്ച് ചിത്രം പൂർത്തിയാക്കി നിറം കൊടുക്കുക.*

"എന്നെ അനുഗമിപ്പിൻ" എന്ന് യേശുകർത്താവ് അവരെ വിളിച്ചു. ഉടൻ തന്നെ അവർ വല ഉപേക്ഷിച്ച് യേശുവിനെ അനുഗമിച്ചു. ഇന്നും എല്ലാവരും യേശുവിനെ അനുഗമിക്കണം എന്നാണ് യേശു ആഗ്രഹിക്കുന്നത്. യേശു പറയുന്നത് ചെയ്യുവാൻ നിങ്ങൾ തയ്യാറാണോ?

/10

GOSPEL FOR CHILDREN

## പാഠം 2: യേശു പത്രോസിനെ സഹായിക്കുന്നു.

*താൻ പാപിയാണെന്ന് പത്രോസ് മനസ്സിലാക്കുന്നു.*



വായന ഭാഗം
ലൂക്കോസ് 5 : 1 -11

ഒരു ദിവസം യേശു പത്രോസിന്റെ വഞ്ചി ഉപയോഗിച്ചു. ദൈവത്തെപ്പറ്റി വഞ്ചിയിൽ ഇരുന്ന് യേശു ജനത്തോട് സംസാരിച്ചു. യേശു സംസാരിച്ചു തീർന്നിട്ട് പത്രോസിനോട് മീൻ പിടിക്കാൻ ആഴത്തിലേക്ക് നീക്കി വലയിറക്കുവിൻ എന്ന് പറഞ്ഞു.

യേശു പറഞ്ഞതുപോലെ പത്രോസ് ചെയ്തു. വല കീറത്തക്കവണ്ണം വലിയ മീൻകൂട്ടത്തെ പിടിച്ചു. പത്രോസ് അത്ഭുതപ്പെട്ടു പോയി. വളരെ പ്രത്യേകതയുള്ള വ്യക്തിയാണ് യേശു എന്ന് പത്രോസിന് ഉറപ്പായി.

താൻ ഒരു പാപിയാണെന്ന് പത്രോസ് അറിഞ്ഞു. യേശു നൽകിയതുപോലെ വലിയൊരു മീൻകൂട്ടത്തെ പിടിക്കുവാൻ അവൻ അർഹനല്ലായിരുന്നു.

ആരാണ് വളരെ പ്രത്യേകതയുള്ളയാൾ ?

---------------------

ആരായിരുന്നു പാപി ?

----------------------

പത്രോസിന് കുറ്റബോധം തോന്നി യേശുവിന്റെ മുമ്പിൽ വീണു.



***കുത്തുകൾ തമ്മിൽ യോജിപ്പിച്ചതിന് ശേഷം ചിത്രത്തിന് നിറം കൊടുക്കുക.***

***വാക്യം പഠിച്ചതിന് ശേഷം നിറം കൊടുക്കുക.***

# "കർത്താവേ......

# ഞാൻ പാപിയായ മനുഷ്യൻ"

***ലൂക്കോസ് 5:8***

എല്ലാ മനുഷ്യരും പാപികളാണ്. എന്നാൽ ഓരോരുത്തരും പാപങ്ങൾ ഏറ്റു പറഞ്ഞ് പാപ ക്ഷമ പ്രാപിക്കണം. നിങ്ങൾ അങ്ങനെ ചെയ്തിട്ടുണ്ടോ?

/10

## പാഠം 3: യേശു കാറ്റിനെ ശാന്തമാക്കുന്നു.

***യേശുവിന് പ്രകൃതിശക്തിയിന്മേലുള്ള അധികാരം***



വായന ഭാഗം
**മർക്കോസ്** 8 : 23-27

ഒരു ദിവസം യേശുവും ശിഷ്യന്മാരും ഗലീല തടാകത്തിലൂടെ യാത്ര ചെയ്യുകയായിരുന്നു.

പെട്ടെന്ന് ഒരു കാറ്റ് ഉണ്ടായി. വഞ്ചിയിലേക്ക് തിരകൾ അടിച്ച് കയറുമാറ് കാറ്റ് അത്രമാത്രം ശക്തമായിരുന്നു. എന്നാൽ യേശു നല്ല ഉറക്കത്തിലായിരുന്നു.

വളരെ ഭയന്നുപോയ ശിഷ്യന്മാർ യേശുവിനെ ഉണർത്തുവാൻ ശ്രമിച്ചു. "കർത്താവെ രക്ഷിക്കണമേ ഞങ്ങൾ മുങ്ങിപ്പോകുന്നു" എന്നവർ ഉച്ചത്തിൽ നിലവിളിച്ചു. അവരോടൊപ്പം താൻ വഞ്ചിയിലുള്ളതുകൊണ്ട് ഭയപ്പെടേണ്ട കാര്യമില്ലായെന്ന് യേശു പറഞ്ഞു അവർക്ക് അൽപ്പം വിശ്വാസം മാത്രമേ ഉണ്ടായിരുന്നുള്ളു. കാറ്റിന്റെ മദ്ധ്യത്തിലും സുരക്ഷിതമായി അവരെ കൊണ്ടുപോകും എന്ന് അവർ അവനിൽ ആശ്രയിക്കേണ്ടതായിരുന്നു.

***വലിയ തിരയിലൂടെ കടന്നുപോകുന്ന പടകിന്റെ പടം വരയ്ക്കുക.***

***യേശു വഞ്ചിയിൽ എഴുന്നേറ്റ് നിന്ന് ഉച്ചത്തിൽ പറഞ്ഞ വാക്യത്തിന് നിറം കൊടുക്കുക.***

"അനങ്ങാതിരിക്ക.....

അടങ്ങുക"

കാറ്റ് നിലച്ചു, തിരമാലകൾ ശാന്തമായി

**ചോദ്യം:** യേശുവിനോടൊപ്പം വഞ്ചിയിൽ ആരൊക്കെ ഉണ്ടായിരുന്നു.

യേശുവിന്റെ ........................................................................

ദൈവപുത്രനായ യേശു കർത്താവിന്റെ മഹത്വത്തെ ഓർത്ത് ഇന്ന് ദൈവത്തിന് നന്ദി പറയുക.

/10

LEVEL - 1

5 മുതൽ 7 വയസ്സുവരെ

## പാഠം 4: യേശു പത്രോസിനെ രക്ഷിക്കുന്നു.

*പത്രോസിന്റെ ചെറിയ പ്രാർത്ഥന*

വായന ഭാഗം

മത്തായി 14 : 22-33

ഒരു രാത്രിയിൽ ശിഷ്യന്മാർ ഗലീല തടാകത്തിന് കുറുകെ തുഴഞ്ഞുപോകുമ്പോൾ ഭയപ്പെടുത്തുന്ന ഒരു വലിയ കാറ്റടിച്ചു.

തടാകത്തിന്റെ പേര് എന്തായിരുന്നു?

............................ തടാകം.



യേശു അവരോടൊപ്പം ഇല്ലായിരുന്നു. പ്രാർത്ഥിക്കുവാൻ മലയിൽ പോയിരിക്കയായിരുന്നു. ഭൂതത്തെപ്പോലെ തോന്നുന്ന ഒരു രൂപത്തെ അർദ്ധരാത്രിയിൽ കണ്ടു. അവർ വളരെ ഭയന്നുപോയി.

എന്നാൽ അതൊരു ഭൂതമല്ലായിരുന്നു. അവരെ സഹായിക്കുവാൻ യേശു വെള്ളത്തിന്മീതെ നടന്ന് അവരുടെ അരികെ വരികയായിരുന്നു.

പത്രോസ് വഞ്ചിയിൽ നിന്നിറങ്ങി വെള്ളത്തിന് മുകളിലൂടെ യേശുവിന്റെ അരികിലേക്ക് നടന്നു. എന്നാൽ പെട്ടെന്ന് വലിയ തിരകൾ കണ്ട് ഭയപ്പെട്ടു അവൻ മുങ്ങുവാൻ തുടങ്ങി.

യേശുവിനോട് പത്രോസ് നിലവിളിച്ചു;

**വാക്യത്തിന് നിറം കൊടുക്കുക**

"കർത്താവേ

എന്നെ രക്ഷിക്കണമേ"

**മത്തായി 14 : 30**

യേശു ഉടനെ കൈനീട്ടി അവനെ പിടിച്ചു, അങ്ങനെ പത്രോസ് മുങ്ങി പോകുന്നതിൽ നിന്നും രക്ഷപ്പെട്ടു.

നാം യേശുവിൽ ആശ്രയിക്കുമ്പോൾ നമ്മുടെ പ്രശ്നങ്ങളിൽ യേശു നമ്മെ സഹായിക്കും.

☐ /10

ആകെ ☐

*അദ്ധ്യാപകന്റെ അഭിപ്രായങ്ങൾ:*

ലഭിച്ച മാർക്ക്

പാഠം 1:.........

പാഠം 2:.........

പാഠം 3:.........

പാഠം 4:.........

ആകെ..........

For Private Circulation Only